**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 897** | **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്ര വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ ഒ . ആർ. കേളു | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രവിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളുടെയും അമ്മമാരുടെയും നവജാത ശിശുക്കളുടെയും ആരോഗ്യസംരക്ഷണത്തിന് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും അമ്മമാരുടെയും നവജാത ശിശുക്കളുടെയും ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി കൊണ്ട് വകുപ്പ് ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനുപുറമേ അട്ടപ്പാടിയിൽ നവജാത ശിശു പരിചരണത്തിനായി 'വാത്സല്യസ്പർശം' വാളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്.<br><br>വനിതാ ശിശുവികസന വകുപ്പ് മുഖേന ഗർഭാവസ്ഥ മുതൽ കുഞ്ഞിന് രണ്ട് വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന 'ആദ്യ 1000 ദിന പരിപാടി' പദ്ധതിയും അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന 'പോഷകബാല്യം' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുന്നതിനായുള്ള കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നതിനൊപ്പം അട്ടപ്പാടിയിലെ ആദിവാസി ജനങ്ങളുടെ പോഷണക്കുറവ് പരിഹരിക്കുവാനും ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനും ജീവിതശൈലിയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ ജനങ്ങളുടെയിടയിൽ ബോധവൽക്കരിക്കാനുമായി ഓരോ ഊരുകളും കേന്ദ്രീകരിച്ച് 'പെൺട്ടിക' കൂട്ട സംഘങ്ങൾ അട്ടപ്പാടിയിൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | അട്ടപ്പാടിയിൽ ഹൈ റിസ്ക്ക് വിഭാഗത്തിൽപ്പെടുന്ന ഗർഭിണികൾ ആനുപാതികമായി ഏറെ അധികമായതിനാൽ അട്ടപ്പാടി മേഖലയിലെ | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഈ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ആരോഗ്യ വകുപ്പ് മുഖേന അമ്മവീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | അമ്മമാർക്കും നവജാത ശിശുക്കൾക്കുമായി അമ്മവീട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| (സി) | പട്ടിക ഗോത്രങ്ങളിൽപ്പെട്ടവർക്കായി ആവിഷ്കരിച്ചിട്ടുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ? | (സി) | **ഗർഭിണികളുടെയും നവജാതശിശുക്കളുടെയും ആരോഗ്യം മുൻനിർത്തി ജനനി ജന്മരക്ഷ പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കായി ആവിഷ്കരിച്ചിട്ടുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആരോഗ്യ പരിപാലന സ്ഥാപനങ്ങളായ ഒ.പി. ക്ലിനിക്കുകളുടെ നടത്തിപ്പ്, ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം, പ്രകൃതി ദുരന്തങ്ങളും വിവിധ രോഗങ്ങളും ബാധിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ ആശ്വാസ നിധിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം, ലഹരി ഉപയോഗത്തിനെതിരായുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പ്, ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ, പട്ടികവർഗ്ഗ ഊരുകളിൽ പാരാമെഡിക്കൽ സൗകര്യങ്ങൾ തുടങ്ങിയ വിവിധ കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ കോളേജുകളിലും പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി രോഗനിർണയവും ചികിത്സയും, മരുന്നുകളും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ലഭ്യമാക്കിവരുന്നുണ്ട്. തുടർ ചികിത്സകളും മരുന്നുകളും ഈ പദ്ധതി വഴി ഉറപ്പുവരുത്തുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ